Malappuram District Police

## 13/03/2018 തിരൂരങ്ങാടി

അഞ്ച് കിലോഗ്രാം കഞ്ചാവുമായി മൂന്നുപേരെ തിരൂരങ്ങാടി പോലീസ് പിടികൂടി. കഞ്ചാവ് മൊത്തക്കച്ചവടം നടത്തുന്ന ഫറോക്ക് നല്ലൂരിലെ പ്രസാദ് നിവാസില് പ്രജീഷ് (24), രാമനാട്ടുകര ആഗ്രഹാലയം സജീഷ് (സല്മാന്-23), ഫറോക്കിലെ കളത്തില്ത്തൊടി അഫ്സല് (24) എന്നിവരാണ് പിടിയിലായത്. ലോറിയില് കഞ്ചാവ് കടത്തുന്നതിനിടെ ദേശീയപാതയിലെ തലപ്പാറയിലെവെച്ചാണ് തിരൂരങ്ങാടി സി.ഐ ഇ. സുനില്കുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം ഇവരെ പിടികൂടിയത്. കഞ്ചാവ് കടത്താന് ഉപയോഗിച്ച ലോറിയും പിടിച്ചെടുത്തിട്ടുണ്ട്. ലോറിയില് പ്രത്യേക രഹസ്യ അറകളുണ്ടാക്കി അതിനകത്താണ് കഞ്ചാവ് സൂക്ഷിച്ചിരുന്നത്. പിടിയിലായ പ്രജീഷ് മറ്റൊരു കഞ്ചാവുകേസില് മാസങ്ങള്ക്കുമുന്പ് ജാമ്യത്തിലിറങ്ങിയതാണ്.